ലേഖനം

◆

ജമാൽ കടന്നപ്പള്ളി

## തൗഹീദിന്റെ അകക്കാമ്പ്-2

# തൗഹീദുർറുബൂബിയ്യത്ത്

**അല്ലാഹു** മാത്രമാണ് പ്രപഞ്ചത്തിന്റെയും സർവ ചരാചരങ്ങളുടെയും സ്രഷ്ടാവും (ഖാലിഖ്) പരിപാലകനും (റബ്ബ്) എന്നും അവന്റെ പ്രവർത്തനങ്ങളിൽ (അഫ്ആൽ) മറ്റാർക്കും പങ്കില്ലെന്നും വിശ്വസിക്കുന്നതിനാണ് തൗഹീദുർറുബൂബിയ്യത്ത് എന്ന് പറയുന്നത്. റബ്ബ് എന്ന ഖുർആനിക ശബ്ദത്തിന്റെ അർഥവ്യാപ്തിയെക്കുറിച്ച് അറിഞ്ഞാൽ മാത്രമേ തൗഹീദുർറുബൂബിയ്യത്ത് മനസ്സിലാവുകയുള്ളൂ.

റബ്ബ് എന്ന പദം കേവലം ‘പരിപാലകൻ’ എന്ന ആശയത്തിൽ പരിമിതപ്പെടുത്തുകയും റബൂബിയ്യത്തിന്റെ നിർവചനമായി ‘ഒരു വസ്തുവിനെ പടിപടിയായി വളർത്തി പൂർണതയിലെത്തിക്കുക’ എന്ന് പ്രചരിപ്പിക്കപ്പെടുകയും ചെയ്തത് പിൽക്കാലത്താണ്. യഥാർഥത്തിൽ റബ്ബിന്റെ വിശാലമായ അർഥതലങ്ങളിൽ ഒന്നു മാത്രമാണ് ‘പടിപടിയായി വളർത്തൽ’. റബ്ബ് എന്ന് വിശുദ്ധ ഖുർആൻ പ്രയോഗിക്കുമ്പോൾ ഉദ്ദേശിക്കപ്പെടുന്ന ആശയതലങ്ങളെ പണ്ഡിതന്മാർ അഞ്ച് ഭാഗങ്ങളായി വിശദീകരിക്കുന്നു: 1. പരിപാലകൻ, ആവശ്യങ്ങൾ സാധിപ്പിക്കുന്നവൻ, പരിപോഷിപ്പിക്കുകയും വളർത്തുകയും ചെയ്യുന്നവൻ. 2. ഉത്തരവാദി, സംരക്ഷകൻ, പരിപാലിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നവൻ. 3. തന്റെ ജനതയിൽ എല്ലാറ്റിന്റെയും കേന്ദ്രസ്ഥാനത്ത് നിലകൊള്ളുന്നവൻ. 4. അനുസരിക്കപ്പെടുന്ന യജമാനൻ, നേതാവ്, അധികാരമുള്ളവൻ, വ്യവഹാരങ്ങളിൽ തീർപ്പു കൽപിക്കുന്ന പരമാധികാരി. 5. യജമാനൻ, ഉടമസ്ഥൻ. ഏതാനും ഖുർആൻ സൂക്തങ്ങൾ ശ്രദ്ധിക്കുക: “(നിങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്ന ഇവ) എന്റെ ശത്രുക്കളാകുന്നു; സർവത്തിന്റെയും റബ്ബൊഴിച്ച്. അവൻ എന്നെ സൃഷ്ടിച്ചു. അവൻ എനിക്ക് മാർഗദർശനം നൽകുന്നു. അവൻ തന്നെയാകുന്നു എനിക്ക് അന്നം നൽകുന്നതും പാനീയം നൽകുന്നതും. ഞാൻ രോഗിയായാൽ ശമനം നൽകുന്നതും അവൻ തന്നെ” (*അശ്ശുഅറാഅ്* 77-80), “ചോദിക്കുക: അല്ലാഹുവെ കൂടാതെ മറ്റൊരു റബ്ബിനെ ഞാൻ തേടുകയോ, എല്ലാ വസ്തുക്കളുടെയും റബ്ബ് അവനായിരിക്കെ?” (*അൽ അൻആം* 164), “പടിഞ്ഞാറിന്റെയും കിഴക്കിന്റെയും റബ്ബാണവൻ. അവനല്ലാതെ ഇലാഹില്ല. അതിനാൽ നീ അവനെത്തന്നെ വകീലാക്കുക” (*അസ്സുമർ* 9), “നമ്മിൽ ചിലർ ചിലരെ അല്ലാഹുവിനെ കൂടാതെ റബ്ബുകളായി വരിക്കരുത്” (*ആലു ഇംറാൻ* 64), “പറയുക: ഞാൻ അഭയം തേടുന്നു; ജനത്തിന്റെ റബ്ബിങ്കൽ, ജനത്തിന്റെ രാജാവിങ്കൽ, ജനത്തിന്റെ യഥാർഥ ദൈവത്തിങ്കൽ” (*അന്നാസ്* 1-3), “നിന്റെ റബ്ബ് പ്രതാപത്തിന്റെയും അധികാരത്തിന്റെയും റബ്ബാകുന്നു” (*അസ്സ്വാഫാത്ത്* 180), “ആകാശഭൂമികളുടെയും അവക്കിടയിലുള്ളതിന്റെയും സൂര്യനുദിക്കുന്ന സർവ വസ്തുക്കളുടെയും റബ്ബ്” (*അസ്സ്വാഫാത്ത്* 5). ഇവിടെ മനസ്സിലാക്കേണ്ട ഒരു സുപ്രധാന വസ്തുത റബ്ബിന്റെ അർഥവ്യാപ്തിയെ സങ്കുചിതമാക്കി ദൈവാധികാരത്തെ വിഭജിക്കുന്ന രീതി ആധുനിക കാലത്തിന്റെ മാത്രം സൃഷ്ടിയല്ല എന്നതാണ്. പൗരാണിക കാലം മുതൽ വിശുദ്ധ ഖുർആന്റെ അവതരണം വരെയുള്ള ധാരാളം സമുദായങ്ങളെ അല്ലാഹു അക്രമികൾ, വികല വിശ്വാസികൾ, ദുർമാർഗികൾ എന്നൊക്കെ വിളിക്കുന്നുണ്ടല്ലോ. ആ ജനതയൊക്കെയും മേലേ റബ്ബും ഇലാഹുമായ ഒരു സർവേശ്വരൻ ഉണ്ട് എന്നു വിശ്വസിച്ചവർ തന്നെയായിരുന്നു. പക്ഷേ അവർ റബ്ബിന്റെ അർഥകൽപനയെ ദൃശ്യം, അദൃശ്യം എന്നിങ്ങനെ വിഭജിക്കുകയും രണ്ടിലും സാക്ഷാൽ റബ്ബിന് പങ്കാളികളെ (ശിർക്ക്) കൽപിക്കുകയും ചെയ്തു. അദൃശ്യമേഖലയിൽ അല്ലാഹുവെ പരമോന്നത റബ്ബായി അംഗീകരിക്കുമ്പോൾ തന്നെ മലക്കുകൾ, ജിന്നുകൾ, നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ, പ്രവാചകന്മാർ, മരിച്ചുപോയ മഹാത്മാക്കൾ തുടങ്ങിയവരെ റബ്ബിന്റെ പങ്കാളികളായി ആരോപിച്ചു. ദൃശ്യമായ കാര്യങ്ങളിലാവട്ടെ വിധിവിലക്കുകൾക്കധികാരമുള്ളവൻ, പരമാധികാരി, സന്മാർഗസ്രോതസ്സ്, നിയമത്തിന്റെ ഉത്ഭവസ്ഥാനം, രാഷ്ട്രത്തിന്റെ തലവൻ, സമൂഹത്തിന്റെ കേന്ദ്രം തുടങ്ങിയ ആശയങ്ങളുടെ നേരെ അവർ തികച്ചും വ്യത്യസ്തമായ ഒരു നിലപാടാണ് കൈക്കൊണ്ടത്. ഈ മേഖലകളിൽ അല്ലാഹുവിനു പകരം മനുഷ്യരെപോലും അവർ റബ്ബായി പ്രതിഷ്ഠിച്ചു! അഥവാ താത്ത്വികമായി അല്ലാഹു റബ്ബാണെന്നംഗീകരിക്കുന്നതോടൊപ്പം കർമരംഗത്ത്, സദാചാര-നാഗരിക-രാഷ്ട്രീയ മേഖലകളിൽ അല്ലാഹുവിന്റെ വിധിവിലക്കുകളെ അവർ തള്ളിക്കളഞ്ഞു. പകരം തങ്ങളെപ്പോലുള്ള മനുഷ്യരെയോ സ്വന്തം ദേഹേഛയെയോ പിന്തുടർന്നു. ഇന്ന് നാം കേൾക്കുന്ന മത-രാഷ്ട്ര വിഭജനം യഥാർഥത്തിൽ പൗരാണികജാഹിലിയ്യത്തുകളുടെ സൃഷ്ടിയാണ്. പ്രസ്തുത വിഭജനത്തെ നേരിടാനായിരുന്നു കാലാകാലങ്ങളിൽ അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചതുതന്നെ. ഖുർആൻ സൂക്തം കാണുക: “നിങ്ങളുടെ ഈ ഉമ്മത്ത് ഒരൊറ്റ ഉമ്മത്താണ്. ഞാൻ നിങ്ങളുടെ റബ്ബും. അതിനാൽ എനിക്കു മാത്രം ഇബാദത്ത് ചെയ്യുവിൻ” (*അൽഅമ്പിയാഅ്* 92). ഈ ദൈവികകൽപന ധിക്കരിച്ച് മനുഷ്യപ്രകൃതിയായ തൗഹീദിൽനിന്ന് വ്യതിചലിച്ചതായിരുന്നു മുൻകാല ജനതകളുടെ നാശനിമിത്തം (നമ്മുടെ പരാജയഹേതുവും തെരയേണ്ടത് മറ്റൊന്നിലല്ല).

‘അതായത് മതം എന്നു പറയുന്നത് അദൃശ്യങ്ങളുമായി ബന്ധപ്പെട്ടതാണ്.

അതിൽ നിങ്ങൾക്ക് സ്വന്തമായി വിശ്വസിക്കാം, വിശ്വസിക്കാതിരിക്കാം, ശിർക്ക് കലർത്തി വിശ്വസിക്കാം. എന്നാൽ ദൃശ്യകാര്യങ്ങളിൽ, ഭൗതികകാര്യങ്ങളിൽ നിങ്ങൾ കൈകടത്തരുത്. അത് ഞങ്ങൾ സ്വയം തീരുമാനിക്കും...' ഇതായിരുന്നു എക്കാലത്തെയും പിഴച്ച ജനങ്ങളുടെ വാദം. വിശുദ്ധ ഖുർആനാവട്ടെ റുബൂബിയ്യത്തിന്റെ ഈ ജാഹിലിയ്യാ വിഭജനങ്ങളെയൊന്നും അംഗീകരിച്ചില്ല. "ആറു ദിവസങ്ങളിൽ ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിക്കുകയും പിന്നെ സിംഹാസനസ്ഥനാവുകയും ചെയ്ത അല്ലാഹുവാകുന്നു നിശ്ചയം നിങ്ങളുടെ റബ്ബ്. അവൻ പകലിനെ രാവുകൊണ്ട് പൊതിയുന്നു. പിന്നെ രാവിനെ തേടിക്കൊണ്ട് പകൽ ധൃതിയിൽ ഓടിവരുന്നു. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം അവന്റെ ആജ്ഞാനുവർത്തികൾ. ഓർത്തുകൊള്ളുക: സൃഷ്ടി അവന്റേതു മാത്രമാണ്. ശാസനയും അവന്റേതുതന്നെ. പ്രപഞ്ചങ്ങളുടെ റബ്ബായ അല്ലാഹു വളരെ അനുഗ്രഹമുടയവനാണ്" (*അൽഅഅ്റാഫ്* 54). അപ്പോൾ അല്ലാഹുവിന്റെ റുബൂബിയ്യത്തിനെ രണ്ടായി വിഭജിക്കുന്നതിനെ നിരാകരിക്കലായിരുന്നു പ്രവാചകദൗത്യത്തിന്റെ മൗലിക ലക്ഷ്യം. അഥവാ അദൃശ്യ വിശ്വാസങ്ങളിലെ മത-ദേവതാ വിഭജനത്തെയും ദൃശ്യ വിശ്വാസത്തിലെ മത-രാഷ്ട്ര വിഭജനത്തെയും പ്രവാചകന്മാർ ഒരുപോലെ എതിർത്തു. ദൃശ്യാദൃശ്യ തലങ്ങളിലെല്ലാം സാക്ഷാൽ റബ്ബ് അല്ലാഹു മാത്രമാണെന്ന് പഠിപ്പിച്ചു. ഇതിൽ പലർക്കും മനസ്സിലാവാതെ പോകുന്ന രാഷ്ട്രീയ റബൂബിയ്യത്തിന് സൂറഃ *യൂസുഫി*ലെ ചില വാക്യങ്ങൾ ഉദാഹരിക്കാം: "യൂസുഫ് പറഞ്ഞു: എന്നാൽ നിങ്ങളിലൊരുവൻ അവന്റെ റബ്ബിനെ മദ്യം കുടിപ്പിക്കും..... അവർ രണ്ടു പേരിൽ രക്ഷപ്പെടുമെന്ന് മനസ്സിലാക്കിയ ആളോട് യൂസുഫ് പറഞ്ഞു: നിന്റെ റബ്ബിന്റെ സന്നിധിയിൽ നീ എന്നെക്കുറിച്ച് പറയുക. പക്ഷേ അവന്റെ സന്നിധിയിൽ പറയാൻ പിശാച് അവനെ വിസ്മരിച്ചു... ദൂതൻ അദ്ദേഹത്തെ സമീപിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: നീ നിന്റെ റബ്ബിന്റെ സന്നിധിയിലേക്ക് തിരിച്ചുപോവുക. എന്നിട്ടദ്ദേഹത്തോട് ചോദിക്കുക: തങ്ങളുടെ കരങ്ങൾ മുറിച്ചുകളഞ്ഞ ആ സ്ത്രീകളുടെ അവസ്ഥയെന്ത്? നിശ്ചയം, അവരുടെ കുതന്ത്രങ്ങളെക്കുറിച്ച് നന്നായി അറിയുന്നവനാകുന്നു എന്റെ റബ്ബ്" (*യൂസുഫ്* 41-50). ഈ സൂക്തങ്ങളിലെ റബ്ബ് എന്ന പ്രയോഗങ്ങൾ ശ്രദ്ധിക്കുക. ഈജിപ്തുകാരെ അഭിസംബോധന ചെയ്തുകൊണ്ട് അവരുടെ ഭരണാധികാരിയെ റബ്ബെന്ന് പലവട്ടം പറയുമ്പോൾ യൂസുഫ് (അ) തന്റെ റബ്ബായി പറഞ്ഞത് അല്ലാഹുവെയാണ്. അഥവാ പരമാധികാരം നിരുപാധികമായി അല്ലാഹുവിനു മാത്രമുള്ളതാണ്. അത് ഏതൊരു ഭരണാധികാരിക്കും വകവെച്ചുകൊടുക്കരുത്. അത് കൃത്രിമ റബ്ബുകളെ സൃഷ്ടിക്കലാണ്.

## തൗഹീദുൽ ഉലൂഹിയ്യത്ത്

ഇലാഹിന്റെ അർഥവ്യാപ്തിയെക്കുറിച്ച ബോധമാണ് തൗഹീദുൽ ഉലൂഹിയ്യത്ത് മനസ്സിലാക്കാനുള്ള മാർഗം. വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ പണ്ഡിതന്മാർ ഒട്ടു വളരെ ആശയതലങ്ങൾ ഇലാഹ് എന്ന ശബ്ദത്തിനു നൽകിയിട്ടുണ്ട്. ആരാധ്യൻ, പരമമായി അനുസരിക്കപ്പെടേണ്ടവൻ, സ്മരിക്കുന്തോറും മനസ്സിന് ശാന്തിയേകുന്നവൻ, നിഗൂഢവും വിഭ്രമിപ്പിക്കുന്നതുമായ സത്തയുള്ളവൻ, ആവശ്യങ്ങൾ പൂർത്തീകരിക്കുന്നവൻ, അത്യുന്നതനും പരിശുദ്ധനുമായവൻ, പ്രാർഥനയും അടിമത്തവും അനുസരണവും അർപ്പിക്കേണ്ടവൻ.... എന്നാൽ നേരത്തേ റബ്ബിനെപ്പറ്റി പറഞ്ഞതുപോലെത്തന്നെ ജാഹിലീ ജനതകൾ മേലെ സർവേശ്വരനായ ഒരിലാഹിനെ അംഗീകരിക്കുന്നതോടൊപ്പം തന്നെ ഉലൂഹിയ്യത്തിനെ വിഭജിക്കുകയും അതിന്റെ വിശാലമായ അർഥകൽപനകളെ പരിമിതപ്പെടുത്തുകയും ചെയ്തു. ഒപ്പം ദൃശ്യാദൃശ്യ മേഖലകളിൽ സ്വയം കൽപിത ഇലാഹുകളെ പ്രതിഷ്ഠിക്കുകയും തദ്വാരാ ശിർക്ക് പ്രവർത്തിക്കുകയും ചെയ്തു. മറ്റൊരുവിധം പറഞ്ഞാൽ ഇലാഹിന്റെ സമഗ്രമായ ആശയത്തിൽനിന്ന് 'പരമാധികാരം' എന്ന വശത്തെ വിഭജിച്ചു. ഇതോടെ യഥാർഥ ഇലാഹീ സങ്കൽപം അട്ടിമറിക്കപ്പെട്ടു. കാരണം പരമാധികാരം- ഹാകിമിയ്യത്ത്- എന്നത് ഉലൂഹിയ്യത്തിന്റെയും അതുവഴി തൗഹീദിന്റെയും അടിസ്ഥാന ചൈതന്യമാണ്. അതായത് ഞാനും നിങ്ങളും എങ്ങനെ വിശ്വസിക്കണം, എങ്ങനെ അനുസരിക്കണം, എവ്വിധം പ്രാർഥിക്കണം തുടങ്ങി എന്തു ഭക്ഷിക്കണം, എങ്ങനെ നടക്കണം എന്നതൊക്കെ വിധിക്കാനുള്ള അധികാരം സ്രഷ്ടാവും നിയന്താവുമായ സാക്ഷാൽ ഇലാഹിന് മാത്രമുള്ളതാണ്. അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ നിരവധിയിടങ്ങളിൽ 'സൃഷ്ടിയും ശാസനയും' (ഖൽഖ് വൽ അംറ്) അല്ലാഹുവിന് മാത്രമുള്ളതാണെന്ന് ഊന്നിപ്പറയുന്നത്. പോയ കാലങ്ങളിലെ ജാഹിലീ ജനങ്ങളുടെ ഇലാഹീ വിഭാവനയെ അല്ലാഹു വിവിധ രൂപേണ നിരൂപിക്കുന്നത് കാണുക: "അവർ അല്ലാഹുവിനെ കൂടാതെ മറ്റു ഇലാഹുകളെ സ്വീകരിച്ചിരിക്കുന്നു. അവ മുഖേന അവർക്ക് ശക്തി ഉണ്ടാവാൻ- അഥവാ അവയുടെ സംരക്ഷണത്തിൽ അവർ സുരക്ഷിതരാവാൻ" (*മർയം* 81). "തങ്ങൾ സഹായിക്കപ്പെട്ടുമെന്ന പ്രതീക്ഷയിൽ അവർ അല്ലാഹുവിനെ കൂടാതെ ഇലാഹുകളെ സ്വീകരിച്ചു" (*യാസീൻ* 74). "എന്നിട്ട് നിന്റെ നാഥന്റെ കൽപന വന്നപ്പോൾ അല്ലാഹുവിനു പകരം അവർ വിളിച്ചു പ്രാർഥിച്ച ഇലാഹുകൾ അവർക്കൊരു പ്രയോജനവും ചെയ്തില്ല. അവർക്ക് നാശമല്ലാതെ അവ അധികരിപ്പിച്ചതുമില്ല" (*ഹൂദ്* 101). "അല്ലാഹുവിനെ കൂടാതെ അവർ വിളിച്ചു പ്രാർഥിക്കുന്നവയുണ്ടല്ലോ, അവ യാതൊന്നും സൃഷ്ടിക്കുകയില്ല. അവ തന്നെ സൃഷ്ടിക്കപ്പെട്ടവയത്രെ. മൃതജഡങ്ങൾ; ജീവനുള്ളവയല്ല. തങ്ങൾ പുനരെഴുന്നേൽപിക്കപ്പെടുന്നതെപ്പോഴാണെന്ന് അവർക്കറിയുകയുമില്ല. നിങ്ങളുടെ ഇലാഹോ ഏകനായ ഇലാഹാകുന്നു" (*അന്നഹ്ൽ* 20-22). "അവൻ ആകാശഭൂമികളുടെ ആധിപത്യത്തിനുടമയാകുന്നു" (*അൽഫുർഖാൻ* 2). "സ്വേഛയെ ഇലാഹാക്കിയ മനുഷ്യന്റെ അവസ്ഥയെക്കുറിച്ച് താങ്കൾ എന്തു പറയുന്നു?" (*അൽഫുർഖാൻ* 43). അപ്പോൾ ഇലാഹിന്റെ പരമാധികാരം സമഗ്രമാണ്. ആരാധനയുടെ പ്രകൃത്യാതീത രാജത്വവും അനുസരണത്തിന്റെ ലൗകികരാജകത്വവും അവനു മാത്രം അവകാശപ്പെട്ടതാണ്. അവയിലൊന്നും വിഭജനം പാടില്ല.

ഉലൂഹിയ്യത്തിൽ ശിർക്ക് ചെയ്ത് വഴിപിഴച്ച ജനങ്ങളെ ഖുർആൻ തൗഹീദിലേക്ക് വഴികാട്ടുന്നത് കാണുക: "അവനാണ് ആകാശത്തിൽ ഇലാഹ് ഭൂമിയിലും ഇലാഹ് അവൻ തന്നെ" (*അസ്സുഖ്റുഫ്* 84). "പറയുക: അല്ലാഹു നിങ്ങളുടെ കേൾവിയും കാഴ്ചയും പിടിച്ചെടുക്കുകയും നിങ്ങളുടെ ഹൃദയങ്ങളെ അടച്ചുപൂട്ടുകയും ചെയ്താൽ അല്ലാഹുവല്ലാതെ ഏതൊരിലാഹാണ് നിങ്ങൾക്കവ നൽകുക?" (*അൽഅൻആം* 46). "അവന്നു മാത്രമാണ് ആധിപത്യം. അവനല്ലാതെ ഇലാഹില്ല. എന്നിട്ടും നിങ്ങളെങ്ങനെ തെറ്റിക്കപ്പെടുന്നു?" (*അസ്സുമർ* 6). "അല്ലാഹുവല്ലാത്തവരെ ദിവ്യത്വത്തിൽ തുല്യ പങ്കാളികളായി സ്വീകരിക്കുന്ന ചില ആളുകളുണ്ട്. അല്ലാഹുവിനോടുള്ള സ്നേഹം പോലെ അവർ ആ തുല്യരെ സ്നേഹിക്കുന്നു. സത്യവിശ്വാസികളോ, അവർ എല്ലാറ്റിലും കൂടുതൽ അല്ലാഹുവിനെ സ്നേഹിക്കുന്നു" (*അൽബഖറ* 165). "പറയുക, സമസ്ത ആധിപത്യത്തിന്റെയും ഉടമയായ അല്ലാഹുവേ, നീ ഉദ്ദേശിച്ചവർക്ക് ആധിപത്യം നൽകുന്നു. നീ ഉദ്ദേശിച്ചവരിൽനിന്ന് ആധിപത്യം നീക്കിക്കളയുന്നു" (*ആലുഇംറാൻ* 26).

ഉപരിസൂചിത ഖുർആൻ സൂക്തങ്ങൾ യഥാവിധി ശ്രദ്ധിച്ചാൽ മനസ്സിലാവുന്ന വസ്തുത ഇതാണ്: ആകാശഭൂമികളിൽ, ഭൗതികാതിഭൗതിക മേഖലകളിലഖിലം സർവതും സൃഷ്ടിച്ചതും ഭരിക്കുന്നതും അല്ലാഹു മാത്രമാകുന്നു. സമസ്ത അധികാരങ്ങളും അനുഗ്രഹങ്ങളും ശക്തിയും പൂർണമായും അവന്റേതു മാത്രമാകുന്നു. ചില മനുഷ്യർ വിളിച്ചു പ്രാർഥിക്കാനും

അനുസരിക്കാനും സമീപിക്കുന്ന കൃത്രിമ ഇലാഹുകൾക്ക് യാതൊരു ശക്തിയും സ്വാധീനവുമില്ല. അവയൊക്കെയും യഥാർഥത്തിൽ ഏക ഇലാഹിനെ മാത്രം ആശ്രയിച്ചുകഴിയുകയാണ്. അതിനാൽ മറ്റുള്ളവരുമായി മനുഷ്യർ സ്ഥാപിച്ച സർവ ബന്ധങ്ങളും ഒഴിവാക്കി അല്ലാഹുവെ മാത്രം സമ്പൂർണമായി അംഗീകരിക്കുക. ദൃശ്യവും അദൃശ്യവുമായ എല്ലാ കാര്യങ്ങളിലും അവനെ മാത്രം അവലംബിക്കുക. ദേവതകൾക്കോ മഹാന്മാർക്കോ നമ്മുടെ പ്രാർഥന അർപ്പിക്കാൻ പാടില്ലാ എന്നതു പോലെത്തന്നെ ഏതെങ്കിലും മനുഷ്യർക്കോ വ്യവസ്ഥകൾക്കോ നാം നിരുപാധികമായ അനുസരണവും സമർപ്പിക്കാൻ പാടില്ല. നിയമനിർമാണത്തിന്റെ പരമാധികാരം എല്ലാ അർഥത്തിലും അല്ലാഹുവിന് മാത്രമുള്ളതാകുന്നു.

### തൗഹീദുസ്സ്വിഫാത്ത്

അല്ലാഹുവിന്റെ ഉന്നത ഗുണങ്ങളും ഉത്തമ നാമങ്ങളും (ഔസ്വാഫുഹുൽ ഉൽയാ വഅസ്മാഉഹുൽ ഹുസ്നാ) ഉൾപ്പെടുന്ന ഭാഗത്തെയാണ് 'തൗഹീദുസ്സ്വിഫാത്ത്' എന്ന് പറയുന്നത്. നാം 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന ഏകദൈവാദർശ വചനം ഉച്ചരിക്കുമ്പോൾ ഉദ്ദേശിക്കപ്പെടുന്നത് തൗഹീദുർറുബൂബിയ്യത്തും തൗഹീദുൽഉലൂഹിയ്യത്തും തൗഹീദുസ്സ്വിഫാത്തും ചേർന്ന മുഴുവൻ തൗഹീദുമാണ്. അഥവാ തൗഹീദിന്റെ അർഥവും അനിവാര്യ താൽപര്യങ്ങളും സമഗ്രമായി മനസ്സിലാക്കുന്നതിനു വേണ്ടി അതിനെ മൂന്നായി തരംതിരിച്ചതാണ്. യഥാർഥത്തിൽ, പരസ്പരം അഭേദ്യമായി ബന്ധപ്പെട്ടതും ഒന്ന് ഒന്നിന്റെ അനിവാര്യതയുമാണ്. അല്ലാഹു മാത്രമാണ് ഇലാഹെന്ന് നാം പറയുമ്പോൾ അല്ലാഹു മാത്രമാണ് റബ്ബെന്നും നാം അംഗീകരിക്കുന്നുണ്ട്. ഇത് രണ്ടും അറിയണമെങ്കിലും അംഗീകരിക്കണമെങ്കിലുമാവട്ടെ റബ്ബും ഇലാഹുമായവന്റെ ഗുണങ്ങളും നാമങ്ങളും കൂടി അറിഞ്ഞിരിക്കണം. അവിടെയാണ് തൗഹീദുസ്സ്വിഫാത്തിന്റെ പ്രസക്തി. ഖുർആൻ പറയുന്നു: "പറയുക: അവനാണ് അല്ലാഹു, ഏകൻ. ആരെയും ആശ്രയിക്കേണ്ടാത്തവൻ. എല്ലാവർക്കും ആശ്രയിക്കേണ്ടവൻ. അവൻ പിതാവല്ല. പുത്രനല്ല. അവനു തുല്യനായി ആരുമില്ല" (112:1-4). "അവനാണ് അല്ലാഹു. അവനല്ലാതെ ദൈവമില്ല. ദൃശ്യവും അദൃശ്യവും അറിയുന്നവൻ. പരമദയാനിധി. കാരുണ്യവാൻ. അവനാണ് അല്ലാഹു. അവനല്ലാതെ ദൈവമില്ല. രാജാധിരാജൻ, പരമ പരിശുദ്ധൻ, സമാധാനം നൽകുന്നവൻ, അഭയദായകൻ, സംരക്ഷകൻ, പ്രതാപശാലി, പരമാധികാരി, മഹോന്നതൻ, മനുഷ്യൻ പങ്കുചേർക്കുന്നതിൽനിന്നെല്ലാം അവനെത്ര പരിശുദ്ധൻ" (59:22,23). "ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അല്ലാഹുവിനാണെന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലേ? അവനല്ലാതെ നിങ്ങൾക്ക് രക്ഷകനും സഹായിയുമില്ല" (2:107). "കണ്ണുകളവനെ കാണുകയില്ല. അവൻ കണ്ണുകളെ കാണുന്നു" (6:103). "ആദിയും അന്ത്യവും അകവും പുറവും അവനാണ്. അവൻ സകല സംഗതികളിലും അഭിജ്ഞനാണ്" (57:3). "അദൃശ്യത്തിന്റെ താക്കോലുകൾ അവന്റെ പക്കലാകുന്നു. അവനല്ലാതെ അതറിയുകയില്ല. കരയിലും കടലിലും ഉള്ളതെല്ലാം അവനറിയുന്നു. അവനറിയാതെ ഒരിലയും വീഴുന്നില്ല. ഭൂമിയിലെ അന്ധകാരത്തിലെ ഒരു ധാന്യമണിയും പച്ചയോ ഉണങ്ങിയതോ ആയ ഒന്നും വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെടാതെയില്ല" (6:59). "അവനാണ് അല്ലാഹു. സ്രഷ്ടാവ്, സൃഷ്ടികർത്താവ്, വിധാതാവ്, രൂപദായകൻ, ഉത്കൃഷ്ട നാമങ്ങളെല്ലാം അവന്റേതാകുന്നു. ആകാശഭൂമികളിലുള്ളതെല്ലാം അവനെ പ്രകീർത്തിക്കുന്നു. പ്രതാപവാനും യുക്തിമാനുമാണവൻ" (57:3)

'അല്ലാഹുവിന്റെ ഉത്തമ നാമങ്ങളെ ഉൾക്കൊണ്ടാൽ- ഇഹ്സാഅ് ചെയ്താൽ- അവൻ സ്വർഗത്തിൽ പ്രവേശിച്ചുകഴിഞ്ഞു' എന്ന് നബി(സ) അരുൾ ചെയ്തിട്ടുണ്ട് (ബുഖാരി, മുസ്‌ലിം). പക്ഷേ എത്രയുണ്ട് ആ നാമങ്ങൾ? 99 ആണെന്നും 300 ആണെന്നും 1001 ആണെന്നും പ്രവാചകന്മാരുടെ എണ്ണത്തിനു തുല്യമായി ഒരു ലക്ഷത്തിൽപരമാണെന്നുമൊക്കെ അഭിപ്രായങ്ങളുണ്ട്. എന്നാൽ 'അസ്മാഉല്ലാഹിൽ ഹുസ്നാ' എന്ന അല്ലാഹുവിന്റെ ഉത്തമ നാമങ്ങൾക്ക് എണ്ണമോ പരിധിയോ ഇല്ലെന്നു വാദിച്ച പണ്ഡിതന്മാരുമുണ്ട്. തീർച്ചയായും അല്ലാഹുവിന്റെ ഉന്നത ഗുണങ്ങൾക്കും ഉത്തമ നാമങ്ങൾക്കും പരിധി ഉണ്ടായിരിക്കാവതല്ല എന്നാണ് സാമാന്യ ബുദ്ധി പറയുന്നതും. പ്രസിദ്ധമായ ഒരു പ്രവാചക പ്രാർഥന ശ്രദ്ധിക്കുക: "നിനക്ക് നീ പേരു വെച്ചതോ, നിന്റെ വേദഗ്രന്ഥത്തിന്റെ നീ അവതരിപ്പിച്ചതോ, നിന്റെ സൃഷ്ടികളിൽ ആരെയെങ്കിലും നീ പഠിപ്പിച്ചതോ, നിന്റെ അദൃശ്യജ്ഞാനത്തിൽ നീ സ്വകാര്യമാക്കിവെച്ചതോ ആയ നിന്റെ മുഴുവൻ നാമങ്ങളും മുൻനിർത്തി ഞാൻ ചോദിക്കുന്നു. വിശുദ്ധ ഖുർആനെ എന്റെ ഹൃദയത്തിന്റെ വസന്തമാക്കേണമേ" (അഹ്മദ്).

അല്ലാഹുവിന്റെ വിശിഷ്ട ഗുണങ്ങളൊന്നും സൃഷ്ടികൾക്ക് ഉണ്ടാവുകയില്ല. അഥവാ അല്ലാഹുവിന്റെ കാഴ്ചയും നമ്മുടെ കാഴ്ചയും തമ്മിലും അല്ലാഹുവിന്റെ അറിവും നമ്മുടെ അറിവും തമ്മിലും യാതൊരു താരതമ്യവുമില്ല. ഉദാഹരണത്തിന് നമ്മുടെ കാഴ്ചക്ക് കണ്ണ് എന്ന അവയവം വേണം, കാഴ്ചക്ക് പരിധിയുണ്ട്. അല്ലാഹുവിന്റെ കാഴ്ചക്കാവട്ടെ ഇത്തരം യാതൊരു ഉപാധിയുമില്ല. ഇതുപോലെ അല്ലാഹുവിന്റെ ഗുണം ഏതെങ്കിലും സൃഷ്ടികളിൽ ആരോപിക്കുന്നത് ശിർക്ക് ആണ്. ഉദാഹരണത്തിന് അല്ലാഹു എല്ലാം കേൾക്കുന്നവൻ (അസ്സമീഅ്) ആണ്. ഈ ഗുണം സ്രഷ്ടാവല്ലാത്ത ആർക്കുണ്ടെന്നു കരുതിയാലും ശിർക്ക് സംഭവിക്കും.

ഇവിടെ മനസ്സിലാക്കേണ്ട ഒരു സുപ്രധാന കാര്യമുണ്ട്. നാം നിത്യജീവിതത്തിലുടനീളം പരസഹായങ്ങൾ തേടാറുണ്ട്. അതൊന്നും ശിർക്കല്ല. കാരണം അവയൊക്കെ കാര്യകാരണ വ്യവസ്ഥക്ക് വിധേയമാണ് (രോഗിയും ഡോക്ടറും ഉദാഹരണം). എന്നാൽ ഒരാൾക്ക് വല്ല കാര്യവും നേടാൻ ഏതെങ്കിലും വലിയ്യിനെയോ ദേവതയെയോ ആണ് വിളിക്കുന്നതെങ്കിൽ അത് ശിർക്കായി. കാരണം വിദൂരതയിലുള്ള ശ്മശാനത്തിൽ കിടക്കുന്ന വലിയ്യിനെ വിളിക്കുമ്പോൾ അതിനർഥം ആ വലിയ്യ് വിളിക്കുന്ന ആളിന്റെ പ്രശ്നങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ട് എന്നാണ്. ഇതാവട്ടെ അല്ലാഹുവിന്റെ മാത്രമായ എല്ലാം കേൾക്കുന്നവൻ (സമീഅ്), എല്ലാം കാണുന്നവൻ (ബസ്വീർ) എന്നീ ഗുണങ്ങൾ പൂർണമായോ ഭാഗികമായോ അയാൾക്ക് വകവെച്ചുനൽകലാണ്. അഥവാ ഇലാഹിൽ പങ്കുചേർക്കലാണ്.

(തുടരും)